## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6041** **09-11-2021 - ൽ മറുപടിയ്ക്ക്**

## കൽപ്പറ്റ മണ്ഡലത്തിലെ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ വനവത്ക്കരണ വിഭാഗം കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. എന്റെ മരം, നമ്മുടെ മരം പദ്ധതികൾ പ്രകാരം സ്കൂളുകൾക്കും കോളേജുകൾക്കും സൗജന്യമായി വൃക്ഷത്തൈകൾ നൽകി വരുന്നു. 2. വഴിയോരത്തണൽ, സ്ഥാപന വനവൽക്കരണം, എന്നീ പദ്ധതികൾ മുഖാന്തിരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും ഗവൺമെൻറ് സ്ഥാപനങ്ങൾക്കും സൗജന്യമായി വൃക്ഷത്തൈകൾ നൽകിവരുന്നു. 3. ഉരുൾപൊട്ടൽ തടയുന്നതിന് ലാൻറ് സ്ലൈഡ് ഏരിയാകളിൽ രാമച്ചം, മുള തുടങ്ങിയ തൈകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എൻ.ജി.ഒ-കളുടെയും സഹകരണത്തോടെ നട്ടുപിടിപ്പിക്കുന്നു. 4. മണ്ണൊലിപ്പ് തടയുന്നതിനായി പുഴയോര വനവൽക്കരണ പദ്ധതിയുടെ ഭാഗമായി പുഴയോരങ്ങളിൽ മുളത്തൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. 5. ജൈവവൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വനമിത്ര അവാർഡും കാവുസംരക്ഷണത്തിനായി ധനസഹായവും തടിയധിഷ്ഠിതമായ വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹന ധനസഹായവും നൽകിവരുന്നു. 6. വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രകൃതി സംരക്ഷണ അവബോധം ഉണ്ടാക്കുന്നതിന്റെ ഭാഗമായി പ്രകൃതി പഠന ക്യാമ്പ് നടത്തി വരുന്നു. 7. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് നക്ഷത്രവനം,വിദ്യാവനം, ചിത്രശലഭോദ്യാനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കൽപ്പറ്റ മണ്ഡലത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നു വ്യക്തമാക്കാമോ? | (ബി) | ഹരിതകേരളം പദ്ധതിയിലൂടെ വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് നട്ടുപിടിപ്പിച്ചതിന്റെ ഭാഗമായി വനേതര |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിൽ വൃക്ഷവൽക്കരണത്തോത് ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ